# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4749 — 19.05.2017 ന് മറുപടിയ്ക്ക്.

## ഷോളയാർ വനമേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഷോളയാർ വനമേഖല സൈലന്റ് വാലി നാഷണൽ പാർക്കിന്റെ കരുതൽ മേഖലയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഷോളയാർ വനഭാഗം സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖലയായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടില്ല. |
| (ബി) നീലഗിരി ജൈവ കരുതൽ മേഖലയുടെ ഭാഗമായ ഇവിടെ പ്രത്യേക സംരക്ഷണം ഉറപ്പാക്കണമെന്ന് യുനെസ്കോയുടെ നിർദ്ദേശമുണ്ടോ; | (ബി) UNESCO-യുടെ World Net Work of Biosphere Reserve-ന്റെ ഭാഗമായി നീലഗിരി ബയോസ്ഫിയർ റിസർവ്വിലെ റീസ്റ്റോറേഷൻ സോണിൽ വരുന്ന അട്ടപ്പാടി വനഭാഗങ്ങളിൽ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പു വരുത്തുവാൻ UNESCO നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ഈ പ്രദേശത്ത് നിന്നും മരങ്ങൾ മുറിക്കരുതെന്ന് ഹൈക്കോടതി ഉത്തരവ് ഉണ്ടോ; | (സി) ഇത്തരം ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) എന്നാൽ സർക്കാർ-സ്വകാര്യ വനഭൂമി ഇടകലർന്ന ഇവിടെ നിന്നും കഴിഞ്ഞ ഏതാനും ദിവസങ്ങളായി അമ്പതിലേറെ ലോഡ് മരങ്ങൾ മുറിച്ചു കടത്തിയതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) ഈ ഭാഗത്ത് നിന്ന് 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥലങ്ങളിൽ പൂർണ്ണമായും ഉണങ്ങിയതും വീണുകിടക്കുന്നതുമായ മരങ്ങൾ മുറിക്കാൻ അനുമതി നൽകാറുണ്ട്. 2005-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വകുപ്പ് 6(3) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ പറയുന്ന വാക, ആഞ്ഞിലി, യൂക്കാലി തുടങ്ങിയ 28 ഇനം മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും നിയന്ത്രണങ്ങൾ ഒന്നും ഇല്ല. മേൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണ വിധേയമായി മാത്രമേ ഈ ഭാഗത്ത് നിന്ന് മരങ്ങൾ മുറിക്കാൻ അനുമതി നൽകാറുള്ളു. അടുത്ത ദിവസങ്ങളിലായി അമ്പതോളം ലോഡ് മരങ്ങൾ ഈ മേഖലയിൽ നിന്നും കടത്തിക്കൊണ്ടു പോയി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഇ) ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ നൂറ്റാണ്ടിലേറെ പഴക്കമുള്ള ,കോടികൾ വിലമതിക്കുന്ന മരങ്ങളാണ് മുറിച്ചു മാറ്റിയതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഇ) ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അനുമതി ഇല്ലാതെ ഇത്രയും വലിയ മരങ്ങൾ മുറിച്ച് അനധികൃതമായി കടത്തി കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) മരം മുറിയെ തുടർന്ന് ഈ വനമേഖല ഒരു മൊട്ടക്കുന്നായി മാറിയ കാര്യം പരിശോധിക്കുമോ; | (എഫ്) ഷോളയാർ വനമേഖലയും ഇതിനോട് ചേർന്ന സ്വകാര്യസ്ഥലങ്ങളും വരണ്ട ഇലപൊഴിയും കാടുകളും മുൾക്കാടുകളും ഉയർന്ന പ്രദേശങ്ങളിൽ ചോലവനങ്ങളും കാണപ്പെടുന്ന സ്ഥലമാണ്. സ്വകാര്യ വനങ്ങളുടെ ദേശവൽക്കരണത്തിനു ശേഷം കാലാന്തരത്തിൽ വനമേഖലകളിലെ കാടുകൾ പഴയ രീതിയിൽ നിന്നും മാറി നിബിഡവനമായി മാറിവരുന്നുണ്ട്. |
| (ജി) ഇതുമൂലം അട്ടപ്പാടിയിലെ ജലക്ഷാമം രൂക്ഷമാവുകയും മേൽമണ്ണ് ഇളകി ഇവിടെ മണ്ണൊലിപ്പിനും ഉരുൾ പൊട്ടലിനും സാധ്യത വർദ്ധിച്ചതായുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുമോ;എങ്കിൽ ഇക്കാര്യത്തിൽ വനം വകുപ്പുദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുമോ; നിഷ്പക്ഷമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവിടുമോ? | (ജി) അട്ടപ്പാടിയിൽ, പ്രത്യേകിച്ച് ഷോളയാർ വനമേഖലയുൾപ്പെടുന്ന ഭാഗത്ത്, വനദേശവൽക്കരണത്തിന്റെ സമയത്ത് ഉണ്ടായിരുന്ന വനനശീകരണത്തിന്റേയും മേൽമണ്ണ് ഇളകി മണ്ണൊലിപ്പിന്റേയും വിപത്ത് കാലാന്തരത്തിൽ കുറഞ്ഞ് വരികയാണ് ചെയ്തിട്ടുള്ളത്. |

Lathesh

സെക്ഷൻ ഓഫീസർ